**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.746 08.01.2014-ൽ മറുപടിയ്ക്ക്

## കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്വന്തമായി വാർഡുകളില്ലാത്ത എത്ര യൂണിറ്റുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | ഒന്ന്. ഫാമിലി മെഡിസിൻ |
| (ബി) | സ്വന്തമായി ഓപ്പറേഷൻ തിയേറ്ററില്ലാത്ത ഏതെങ്കിലും യൂണിറ്റ് ഉണ്ടോ; എങ്കിൽ അത് ഏതാണ് എന്ന് വിശദമാക്കാമോ; | (ബി) | എല്ലാ സർജിക്കൽ ഡിപ്പാർട്ടുമെന്റുകൾക്കും ഓപ്പറേഷൻ തീയേറ്റർ സൗകര്യമുണ്ട്. |
| (സി) | മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം എന്നാണ് പ്രവർത്തനം ആരംഭിച്ചത് എന്നും പ്രസ്തുത കെട്ടിടത്തിന് എത്ര നിലകളുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഔട്ട്പേഷ്യന്റ് സർവ്വീസ് 2006 ജൂലൈ മാസത്തിലും, ഇൻപേഷ്യന്റ് സർവ്വീസ് 2007 സെപ്റ്റംബർ മാസത്തിലും ആരംഭിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് 8 നിലകളുണ്ട്. |
| (ഡി) | ഏതൊക്കെ നിലകളിൽ എന്തൊക്കെ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; | (ഡി) | **ഗ്രൗണ്ട് ഫ്ലോർ-** ഒ.പി/സ്റ്റോർ/എംആർഐ/ഓഫീസ്/ഫാർമസി/എക്കോ/എക്സ്റേ<br>**ഒന്നാം നില-** കാത്ത് ലാബ്/കാത്ത് ഐസിയു/ലാബ്സ്/ഡിഎസ്എ/യുഎസ്ജി/ഇസ്ഡബ്ല്യു എൽ യൂണിറ്റ്/ന്യൂറോ ഫിസിയോളജി ലാബ്<br>**രണ്ടാം നില-** കാർഡിയോ/നെഫ്രോ വാർഡ്സ് & ഐസിയു ഡയാലിസിസ് യൂണിറ്റ്<br>**മൂന്നാം നില-** ന്യൂറോളജി വാർഡ് & ഐസിയു<br>**നാലാം നില-** ഡയാലിസിസ് യൂണിറ്റ്<br>**അഞ്ചാം നില-** ഗ്യാസ്ട്രോഎന്ററോളജി യൂണിറ്റ്<br>**ആറാം നില-** ഫാക്കൽറ്റി റൂം & ക്ലാസ്സ് റൂം<br>**ഏഴാം നില-** റെസിഡന്റ്സ് റൂം |
| (ഇ) | സ്വന്തമായി വാർഡുകളും ഓപ്പറേഷൻ തിയേറ്ററുകളുമില്ലാത്ത യൂണിറ്റുകളെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്ക് മാറ്റാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ യൂണിറ്റുകളെയാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ? | (ഇ) | മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ